മെറ്റേണിറ്റി ബെനിഫിറ്റ് സ്കീം

43 (4203) ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദാരിദ്ര രേഖയ്ക്ക് താഴെയുള്ള ഗർഭിണികളായ സ്ത്രീകൾക്ക് 500 രൂപ സഹായം നൽകുന്ന മെറ്റേണിറ്റി ബെനിഫിറ്റ് സ്കീം സംസ്ഥാനത്ത് നടപ്പിൽ വരുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ സ്കീം പ്രകാരം സംസ്ഥാനത്ത് എത്ര പേർക്ക് പ്രയോജനം ലഭിച്ചു ;

(സി) ഈ സ്കീമനുസരിച്ച് പ്രയോജനം ലഭിക്കുന്നതിനുള്ള നടപടി ക്രമമെന്താണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1-4-2001-ലാണ് ഈ സ്കീം ആരോഗ്യ വകുപ്പിന്റെ കീഴിൽ വന്നത് 2003 മാർച്ച് മാസംവരെ 18201 ആളുകൾക്ക് ഈ സ്കീം പ്രകാരം പ്രയോജനം ലഭിച്ചു.

(സി) നിശ്ചിത ഫോറത്തിൽ ഗർഭിണി താമസിക്കുന്ന പ്രദേശത്തെ ജൂനിയർ പി.എച്ച്. നഴ്സിന്റെ അംഗീകാരത്തോടുകൂടി ബന്ധപ്പെട്ട പഞ്ചായത്തിനാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷ വാർഡ് കൗൺസിലർ/വാർഡ് മെമ്പർ പരിശോധനയ്ക്കുശേഷം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനം പാസ്സാക്കുകയും തുക അനുവദിക്കുകയും ചെയ്യുന്നു.

അഭ്യസ്തവിദ്യരായ സ്ത്രീകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പദ്ധതി

44 (4204) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഭ്യസ്തവിദ്യരായ സ്ത്രീകൾക്ക് സ്വയം തൊഴിൽ കണ്ടെത്താൻ സർക്കാർ എന്തെങ്കിലും സഹായങ്ങൾ നല്കിവരുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു സഹായമാണ് എന്ന് വ്യക്തമാക്കാമോ ;

(സി) ഇതിലേക്കായി സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത് ;

(ഡി) ഈ ഓരോ പദ്ധതികൾക്കും നടപ്പു സാമ്പത്തിക വർഷത്തിൽ എന്തു തുക വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എന്തു തുക നാളിതുവരെയായി ചെലവായി ;

(എഫ്) എത്ര സ്ത്രീകൾക്ക് ഇതിന്റെ ഗുണം ലഭിച്ചു ;

(ജി) ഈ പദ്ധതിയുടെ നേട്ടങ്ങളെക്കുറിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ & ബി) അഭ്യസ്തവിദ്യരായ സ്ത്രീകൾക്കു മാത്രമായി സ്വയം തൊഴിൽ കണ്ടെത്താൻ പ്രത്യേകം പദ്ധതിയൊന്നും വ്യവസായ വകുപ്പിനില്ല. എന്നാൽ വനിതാ വികസന കോർപ്പറേഷൻ അഭ്യസ്തവിദ്യരായ സ്ത്രീകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വിവിധ സഹായങ്ങൾ നല്കി വരുന്നുണ്ട്. പ്രധാന മന്ത്രിയുടെ തൊഴിൽ പദ്ധതിയിൽ 18നും 45നും മദ്ധ്യേ പ്രായമുള്ള 8-ാം ക്ലാസ് പാസ്സായ 40,000 രൂപവരെ വാർഷിക വരുമാനമുള്ള സ്ത്രീകൾക്ക് കച്ചവടം വ്യവസായം, സേവനസ്ഥാപനങ്ങൾ ഇവ ആരംഭിക്കുവാൻ വായ്പ ബാങ്കുമുഖേന ലഭ്യമാക്കുന്നുണ്ട്.

(സി) പ്രധാനമന്ത്രിയുടെ തൊഴിൽ പദ്ധതി പ്രകാരം കച്ചവടത്തിന് ഒരു ലക്ഷം രൂപയും, വ്യവസായ സേവന സ്ഥാപനമാരംഭിക്കാൻ ഒരാൾക്ക് പരമാവധി രണ്ടു ലക്ഷം രൂപ വായ്പയായും 15% പരമാവധി 7500 രൂപാ വരെ സബ്സിഡിയായും നല്കുന്നുണ്ട്. വനിതകൾ നടത്തുന്ന വ്യവസായ യൂണിറ്റുകളിൽ 80% ജോലിക്കാർ സ്ത്രീകളാണെങ്കിൽ അവയെ വനിതാ വ്യവസായ പദ്ധതിയിലുൾപ്പെടുത്തി അവയ്ക്ക് യന്ത്രസാമഗ്രികൾക്ക് ഗ്രാന്റ്, കെട്ടിട ഗ്രാന്റ്, കെട്ടിട വാടക ഗ്രാന്റ്, ഹയർ പർച്ചേയ്സ് ഗ്രാന്റ്, മാനേജീരിയൽ ഗ്രാന്റ്, എക്സസ് ഗ്രാന്റ് ഇവ നല്കുന്നു.

(ഡി) പ്രധാനമന്ത്രിയുടെ സ്വയം തൊഴിൽ പദ്ധതിയിൽ ബാങ്കു വായ്പയാണ് നല്കുന്നത്. വനിതാ വ്യവസായ പദ്ധതിയിലെ സഹായങ്ങൾ ഇപ്പോൾ ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിയിരിക്കുകയാണ്. പ്രസ്തുത പദ്ധതിക്കാവശ്യമായ തുക പഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നാണ് വിനിയോഗിക്കുന്നത്.

(ഇ) പ്രധാനമന്ത്രിയുടെ സ്വയംതൊഴിൽ പദ്ധതിപ്രകാരം 2002-2003-ൽ വനിതകൾക്ക് 2754.55 ലക്ഷം രൂപ വായ്പ അനുവദിച്ചിട്ടുണ്ട്.

(എഫ്) പ്രധാനമന്ത്രിയുടെ സ്വയം തൊഴിൽ പദ്ധതി പ്രകാരം 2002-2003-ൽ 5122 വനിതകൾക്ക് 2754.55 ലക്ഷം രൂപ വായ്പ അനുവദിച്ചിട്ടുണ്ട്. ഗുണം ലഭിച്ച സ്ത്രീകളുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ജി) പി. എം. ആർ. വൈ. പദ്ധതി ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ഏറെ ചർച്ചയും അവലോകനത്തിനും വിധേയമാകുന്നുണ്ട്. പദ്ധതിയുടെ ബ്ലോക്ക് തലത്തിലുള്ള നടത്തിപ്പ് എല്ലാ മാസവും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ റിവ്യൂ ചെയ്യുന്നുണ്ട്. ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ലീഡ് ബാങ്ക് ഓഫീസർ കൺവീനറായും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരും ബാങ്കുകളും മെമ്പർമാരായിട്ടുള്ള ജില്ലാതല

LIBRARY ARCHIVES Kerala Legislative Assembly

കമ്മിറ്റി ഈ പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നുണ്ട്. സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറിയുടെ വിലയിരുത്തലും നടക്കുന്നുണ്ട്. വ്യവസായ വാണിജ്യ ഡയറക്ടർ നേരിട്ട് ജില്ലാ യോഗങ്ങളിൽ ഈ പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്യുന്നുണ്ട്.

ഭിക്ഷാടകരുടെ പുനരധിവാസം

45 (4205) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും ഭിക്ഷാടനത്തിനായി സംസ്ഥാനത്തേക്ക് എത്തുന്നവരെക്കുറിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഭിക്ഷാടകരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്ന ഈ സാഹചര്യത്തിൽ ഭിക്ഷാടനം നിയന്ത്രിക്കുന്നതിന് സർക്കാർ ആലോചിക്കുമോ ;

(സി) ഇത്തരം ഭിക്ഷാടകരെ സംസ്ഥാനത്തെ പ്രധാന പട്ടണങ്ങളിൽ എത്തിക്കുന്നത് കോൺട്രാക്ട് അടിസ്ഥാനത്തിൽ ഏജൻസികളാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ ഇവരെ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ഈ സംസ്ഥാനത്തുള്ള ഭിക്ഷാടകരെ പുനരധിവസിപ്പിക്കാൻ എന്തെങ്കിലും പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) തിരുവനന്തപുരം നഗരസഭാതിർത്തിയിൽ ഭിക്ഷാടനം തൊഴിലാക്കിയവരെ നിയന്ത്രിക്കുന്നതിനും യഥാർത്ഥ യാചകരെ പുനരധിവസിപ്പിക്കുന്നതിനും ഒരു ചാരിറ്റബിൾ അസോസിയേഷനുകീഴിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കാൻ തിരുവനന്തപുരം നഗരസഭ തീരുമാനമെടുത്തിട്ടുണ്ട്. ഇതിനായി നഗരസഭയുടെ കീഴിലുള്ള ഒരു കെട്ടിടം പടിഞ്ഞാറെക്കോട്ടയിൽ സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരത്ത് സർക്കാർ വക ശ്രീചിത്രാ പുവർ ഹോമും കൊല്ലത്ത് പുവർ ഹോമും, കോട്ടയത്ത് ശാന്തിഭവൻ നഗർ റിലീസ് സെന്ററും സന്നദ്ധ സംഘടനകൾ മുഖേന പ്രവർത്തിക്കുന്നു. ഭിക്ഷാടന നിരോധന നിയമം നടപ്പിലാക്കുന്നതോടെ ഭിക്ഷാടനം നിയന്ത്രിക്കുന്നതിനും ഭിക്ഷക്കാരുടെ പുനരധിവാസം പൂർണ്ണമായി നടപ്പിലാക്കുന്നതിനും കഴിയുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly